
തൂലിക
Little KITEs
Little kites 2018-19
ഗവ .ഹൈസ്കൂൾ പയ്യനല്ലൂർ



# ഗവ.ഹൈസ്ക്കൂൾ പയ്യനല്ലൂർ

Nooranad,Alappuzha Dist. e-mail:ghspynr@gmail.com



# HEADMISTRESS



## Smt . Sujaya . N

*The guiding force behind our succsess*

# Staff council













# School management committee

**Headmistress :Smt. Sujaya.N**

**President : Sri. Anil kumar . T**

**vice president : Sri. Anil prasad**

**Staff secretary :Sri. Sreekumar sharma**

**U.P.S.A : Sri. Shaji . L**

**senior assistant:Smt. Rama**

# Mother P.T.A

**president :Smt. Smitha suresh**

**vice president: Smt. Sreeja.B**

# Members

**Sri. Ramesh kumar.M**

**Sri. Santhosh kumar .B**

**Sri. Ambujakshan**

**Smt.Sreelekha .R**

**Smt.Santhakumari**

**Smt.Sreeja biju**

**Sri.Balan .v**

**Sri. P.K. Babu**

**Sri.K .Nagesh**

**Sri.Santhosh .S.R**

# Editorial board

## Chief editor

**Smt.Sujaya . N**

## Magazine editors

**Smt. Leji.O**

**Smt . Raji. K**

## Student editors

***Mastr.Amal.R***

***Mastr. Renjith . R***

***Mastr.Anandhakrishnan.B***

## Members

***1.Amal.R***

***2.Anandakrishnan.B***

***3.Renjith.R***

***4. Sreekanth.S***

***5. Bibin biju***

***6.Vijay.TA***

***7.Al-ameen***

***8.Arjun.A***

***9.Sachu.S***

***10.Rehana***

***11.Santhi***

***14.Haripriya .S***

***15.Lekshmi ashokan***

***16.Chaithanya***

***17.Parvathy.S***

***18.Anagha.A***

***19.Aparna sunil***

***20.Athulya.AS***

***21.Surya s pasanth***

***22.Anagha.J***

***23.Aditha anil***

***24.Aiswarya***

*12.Vineetha*

*13.Vidhya*

*25.Sandhya.S*


*26.Midhula*

# *Kite Mistresses*



***Smt. Leji & Smt. Raji***

# Little kite leader



**Mastr. Amal . R**

## Second leaders





**Mastr.Renjith.R** **Mastr. Anandhakrishnan.B**

# Class leaders












# School leader



# സന്ദേശം

പ്രീയപ്പെട്ട  കുഞ്ഞുങ്ങളെ,

ലിറ്റിൽ  കൈറ്റ്സിന്റെ നേതൃത്വത്തിൽ നിങ്ങൾ രചിച്ച 'ഉളിക' എന്ന മാഗസിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ച അദ്ധ്യാപകർക്കും പ്രീയപ്പെട്ട കുഞ്ഞുങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.ഒപ്പം ഇത്തരം സർഗ്ഗാത്മക സൃഷ്ടികൾ നിങ്ങളുടെ കൂട്ടുകാർക്കും നമ്മുടെ കലാലയത്തിനും പ്രചോദനം ആകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഹൃദയപൂർവ്വം,

രമ. എസ്സ്. കുമാർ

# സന്ദേശം

"അഭിനന്ദനങ്ങൾ !ലിറ്റിൽ കൈറ്റ്സ് പ്രഥമ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച കുഞ്ഞു കരങ്ങൾക്കും  സംരംഭം യാഥാർഥ്യം ആക്കാൻ അവരോടൊപ്പം പ്രവർത്തിച്ച അധ്യാപകർക്കും ഈ വേളയിൽ നിങ്ങൾ ആർജിച്ച പരിചയം ഭാവിയിലേക്ക് ഒരു മുതൽ കൂട്ടാകട്ടെ എന്ന്


ആശംസിക്കുന്നു "



***Sri.SREEKUMAR SHARMA***

***(H.S.T physical science)***

# സന്ദേശം



**_Amal_**

**_(Student editor)_**

***അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ കുറച്ചൊന്നുമല്ല മാറ്റിമറിച്ചത്.ഇന്ന് ശാസ്ത്രലോകം ഏറെ വികസിച്ചിരിക്കുന്നു.ഈ പരിജ്ഞാനം കുട്ടികൾക്കും പകർന്നുനൽകാൻ ഇന്നത്തെ സമൂഹത്തിനു കഴിഞ്ഞിരിക്കുന്നു .ഇതിനൊരു മികച്ച ഉദാഹരണമായി കുട്ടികളുടെ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം കാണാം.ഈ പദ്ധതിയിൽ അംഗമായ ഞാൻ ഉൾപ്പെടുന്ന കുട്ടികൾക്ക് പരിശീലന കാലയളവിൽ വൈവിധ്യ മാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിച്ചത്.ലിറ്റിൽ കൈറ്റ്സ് അംഗമെന്ന നിലയിൽ കമ്പ്യൂട്ടറിനെ കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും ഇത് സഹായകരമായി.ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് നിർമിക്കുന്ന 'തൂലിക' കുട്ടികളുടെ കഴിവും പരിജ്ഞാനവും മെച്ചപ്പെട്ടതിന്റെ സൂചനയയാണ് തുറന്നുകാട്ടുന്നത്.***

# താളുകൾ മറിക്കുമ്പോൾ


ആകാശം.....17

അമ്മ.....18

എന്റെ കുര.....19

അപ്പുക്കിളി.....20

ഛക്ഛക് തീവണ്ടി.....21

ചങ്ങായി.....22

എന്റെ ചേച്ചി.....23

കാട്ടരുവി.....24

കാവിലെപ്പാട്ട്.....25

കുഞ്ഞനിയൻ.....26

കുഞ്ഞനുറുമ്പ്.....27

കുട്ടൻ.....28

കൂട്ടായ്.....29

മന്ത്രങ്ങൾ.....30

മഴവില്ല്.....31

ഒരു കാളവണ്ടി.....32

ഓട്ടോവണ്ടി.....33

പാടം.....34

പേമാരി.....35

പൊന്നോണം.....36

പൊൻതുമ്പി.....37

പൂവ്.....38

പ്രഭാതം........................................................................................................................39

പ്രളയം..........................................................................................................................40

പ്രണയം........................................................................................................................41

സംഗീതം........................................................................................................................42

ഉയർത്തെഴുന്നേൽപ്പ്........................................................................................................43

തിരമാല..........................................................................................................................44

ഇമരങ്ങൾ......................................................................................................................45

അമ്മയുടെ സ്നേഹം..........................................................................................................46

അപ്പൂപ്പനും ചാമ്പയ്ക്കയും.......................................................................................................47

കരടിയെ കുടുക്കി..............................................................................................................48

ഭക്ഷണം..........................................................................................................................49

ചെന്നായയും ആട്ടിൻകുട്ടിയും.................................................................................................50

ജവഹർലാൽ നെഹ്റു...........................................................................................................51

മാന്ത്രികച്ചെണ്ട..................................................................................................................52

മഞ്ഞൾ അമ്മൂമയുടെ കഥ.....................................................................................................53

QUOTES OF A.P.J.ABDUL KALAM.........................................................................54

സന്ന്യാസിയും നായയും.........................................................................................................55

സ്വർണ്ണമീൻ.......................................................................................................................56

PROFILE OF A.P .J ABDUL KALAM........................................................................57

ART SECTION.........................................................................................................58-66


हंमारा देश.........................................................................................................................67

हवा सुहानि.........................................................................................................................68

मेरा सपना.........................................................................................................................69

# ആകാശം

നക്ഷത്രം വാരി വിതറിയ വാനം
മിന്നിത്തിളങ്ങുന്നല്ലോ.......
ചന്ദ്രന്റെ കണ്ണുനീർ ഒപ്പിയവാനം
മെല്ലെ ചിരിക്കുന്നല്ലോ.....
ദുഃഖങ്ങൾ നീക്കുവാൻ
പഠിപ്പിക്കുമാകാശം
എന്നുടെ കൂട്ടായി ഇരിക്കുന്നല്ലോ.......



# അമ്മ


അർഥമെത്ര കൊടുത്താലും കിട്ടാത്ത
സ്വച്ഛമാം സ്നേഹം
അമ്മ തൻ കൈക്കുമ്പിളിൽ മാത്രം
അർഥംകൊടുത്തു വാങ്ങുന്നസ്നേഹം
തുച്ഛമാം വിൺ മേഘം പോലെ



ലക്ഷ്മി അശോക്
IX A

# എന്റെകൂര

തത്തംന്തിനി തിന്തിമി തിന്തിമി താര
തെയ്യകം താര.......
തത്തംന്തിനി തിന്തിമി തിന്തിമി താര
തെയ്യകം താര.......


© Can Stock Photo - csp12973047

പുന്നക്കോട്ടുണ്ടെയെനിക്കൊരു
ചെറ്റകുടില്
ഞാനുമെന്റെ  അപ്പന്റെ അമ്മന്റെ
പെങ്ങന്റെ വീട്
തിന്തിമി താര.......
കാല വർഷം ആടിതിമിർക്കുമ്പോൾ
മീൻകളികണാം............
കൂരക്കുള്ളിൽ  ചങ്ങാടം കെട്ടി തുഴഞ്ഞ്  കളിക്കാം
തിന്തിമി  താര.......
കൂരമേൽ ചാഞ്ഞ്കിടന്നാല്  മേമാനം കാണാം
മാനത്തൂടെ പാറിപ്പറക്കും പരുന്തിനെകാണാം
തത്തംന്തിനി തിന്തിമി തിന്തിമി താര
തെയ്യകം താര......
അപ്പൻ ചത്തൊരാണ്ടു കഴിഞ്ഞപ്പോൾ
അമ്മയുംപോയി
ഒറ്റമുണ്ട്മാത്രം പുതച്ചവർ മിണ്ടാതെപോയി
വായ്ക്കരിവെള്ളവും വാങ്ങിച്ച് മിണ്ടാതെ പോയി
തത്തംന്തിനി തിന്തിമി തിന്തിമി താര
തെയ്യകം താര......
തത്തംന്തിനി തിന്തിമി തിന്തിമി താര
തെയ്യകം താര......
പച്ചമണ്ണിൽ ഒറ്റക്കിനിയമ്മ.

അനഘ.ജെ

9.A




അപ്പുക്കിളി വന്നല്ലോ അപ്പുക്കിളിവന്നല്ലോ
നാട്ടുചുറ്റി കാട്ടിലേക്ക് വന്നല്ലോ
അപ്പുക്കിളി വന്നല്ലോ അപ്പുക്കിളിവന്നല്ലോ
പഞ്ചമൻകാട്ടിലേ ചങ്ങാതി നാട്ടിലേത്തു
വിശേഷം? അപ്പുക്കിളി വന്നല്ലോ അപ്പുക്കിളിവന്നല്ലോ
നാട്ടുചുറ്റി കാട്ടിലേക്ക് വന്നല്ലോ

9A ശ്രീഹരി

# ഛക് ഛക്...... വണ്ടി

*ഛക് ഛക് ഛക് ഛക് തീവണ്ടി,*

*കൂവിയലച്ച് വരും തീവണ്ടി,*

*പുഴയും കാടും വയലേലകളും*

*പിന്നിട്ടോടി വരും തീവണ്ടി,*


*പാളംവഴിയേ പായും വണ്ടി,*

*പാലം കയറിവരും വണ്ടി,*

*ഓടിയലച്ച് കുഴഞ്ഞു വരുമ്പോൾ*

*കിതച്ച് നിൽക്കും തീവണ്ടി .*

*by വിനീത*





# ചങ്ങായി

നാളുകൾ പലതും കൊഴിഞ്ഞിട്ടും
നമ്മുടെ സ്നേഹം പടർന്നിട്ടും
എന്റെ ഹൃദയത്തിൽ ഓർക്കുവാൻ വേണ്ടി
നിൻ നന്മകൾ മാത്രമുണ്ട്
നാട്ടുകൾ പലതും നാം കണ്ടത്
ഇന്നെന്റെ ഓർമ്മയിൽ ഉണ്ട്
പൊന്നോണക്കാലത്ത് നിന്റെ
മുല്ലപ്പൂ ഗന്ധവുമെന്നൊപ്പമുണ്ട്.

ഹരിപ്രീയ.എസ്സ്
*IX A*

## എന്റെ ചേച്ചി

എൻകൂടെ എൻചേച്ചി ഉണ്ടായിരുന്നു
എന്നൊപ്പം എൻതുണയായി
കാവിലെ പൂരവും പടയണി തെയ്യവും
കാണുവാനെന്നൊപ്പമെത്തും
എൻകടത്തിന്റെ ചുരുളഴിക്കുമ്പോഴും
ചിരിയോടെയാം മായ്ക്കും
ഇന്നലെ പോലെഞാൻ
ഓർക്കുന്നു എല്ലാ ഇന്നത്തെപോലെ
അന്ന ദിവസം ഞാൻ ഓർക്കുമ്പോൾ
എൻ ഉള്ളിവൻ വിഷമത്തിരമലഒഴുകുന്നു




വൻമാരിയെപോലെ വന്നൊരുതിരമാല
എല്ലാം കവർന്നങ്ങെടുത്തു
ഇന്നെന്റെ ചേച്ചിയൊ എന്നൊപ്പമില്ല എല്ലാം ഓർമകൾമാത്രം

പാർവ്വതി

# കാട്ടരുവി

പച്ചയാം വിരിപ്പട്ടിൻ,
കാട്ടിൽ നിന്നുദിച്ചൊരു
ഇളനീരാമെന്റെ കാട്ടരുവി,
മലതൻ വിടവിന്റെ
ഇടയിലുദിച്ചൊരു
ഇളനീരാമെന്റെ കാട്ടരുവി



ശ്രീകാന്ത്.എസ്സ്
IX A

# കാവിലെപാട്ട്


© Can Stock Photo - csp18909400

തെക്ക് തെക്ക് മയിലാട്ടം കുന്നിൽ
വേലായുധൻ കാവുണ്ടേ......
ആ കാവില് തൈപ്പൂയത്തിന്
കാവടിയാട്ടം കാണാല്ലോ
എന്റെ നാടിന്റെ ഐശ്വര്യമാമൊരു
വേലായുധൻ കാവുണ്ടേ
(തെക്ക് തെക്ക്)
എന്റെ വീടിന്റെ കാരുണ്യമാമൊരു
വേലായുധൻ കാവുണ്ടേ
എന്റെ വീടിന്റെ കാരുണ്യമാമൊരു
വേലായുധൻ കാവുണ്ടേ
തെക്ക് തെക്ക് മയിലാട്ടം കുന്ന്
മയിലിനെ പോലെ ആട്ടന്നേ.....

ഹരിപ്രീയ.എസ്സ്
IX A

# കുഞ്ഞനിയൻ


കുഞ്ഞേച്ചിക്ക് കൂട്ടായി
കുഞ്ഞനിയൻ നടന്നു
കാട്ടുമുല്ലപ്പൂവും കുന്നിക്കുരുവും പെറുക്കി
കാവിലെ പൂരം കഴിഞ്ഞ്
നല്ലവള വാങ്ങിയ കുഞ്ഞനിയൻ
കുടിയിൽ  ചെല്ലുമ്പോഴേക്കും
വീട്ടു നിറഞ്ഞു ആൾക്കാർ
കാര്യം തിരക്കിയ കുഞ്ഞനിയൻ
മെല്ലെ കണ്ണീരിൽ കുതിർന്നു
വെള്ളക്കോടി പുതച്ച്
കണ്ണുമെല്ലെ അടച്ച്
ദൂരത്തേക്ക് പോയി എൻചേച്ചി



അതുല്യ.എ.എസ്സ്
*IX  A*

# കുഞ്ഞനുറുമ്പ്

കണ്ടോ കുഞ്ഞനുറുമ്പ്
കറുമ്പനുറുമ്പിൻ വമ്പ്
ചുണ്ടിൽ വാക്കിൻ വീമ്പ്
മണ്ട നിറച്ച കുറുമ്പ്
ആനക്കൊമ്പിൽ കേറി
ആടിയതോർക്കും മുമ്പ്
ആനമദത്തിൻ മുമ്പിൽ
ആധി പിടിച്ചോൻ,ഉറുമ്പ്




by.vidhya

# കുട്ടൻ

മേലെകാണുന്ന ചന്ദ്രൻ
എന്നെ നോക്കി ചിരിച്ചു
താഴെകാവിലെ പൂരം
നാളെയാണ് കുട്ടാ....
പൂരംകാണാൻ പോകാൻ
കൂട്ടായ് അമ്മയില്ല
എൻ കൊച്ചുകുടിലിൽ
ഇന്നുഞാൻ ഒറ്റക്കായി




അപർണ.സുനിൽ
IX A

# കൂട്ടായ്

അമ്മതൻ കണ്ണിൽ നിന്നതിർന്ന

കണ്ണീർ വേദയുടെതായിരുന്നു......

മക്കൾ പിരിഞ്ഞ തനിക്കിനി കൂട്ടായി

വൃദ്ധസദനം മാത്രം

–ലക്ഷ്മി.അശോകൻ


# മന്ത്രങ്ങൾ തന്ത്രങ്ങൾ

മന്ത്രങ്ങൾ,മന്ത്രങ്ങൾ.........
മന്ത്രതന്ത്രവിഷഭൂതജാതിമതമന്ത്രങ്ങൾ
തന്ത്രങ്ങൾ,തന്ത്രങ്ങൾ,തന്ത്രങ്ങൾ
ഒന്നിച്ചുറങ്ങിയ നമ്മേ മതങ്ങൾ
ശത്രുക്കളാകാൻ ഉണർത്തി
മതം ചൊല്ലിത്തർക്കിച്ചും മനസാക്ഷിമരവിച്ചും
മൃഗമായ് മാറുന്നു നമ്മൾ
പുണ്യം രചിക്കുന്ന കൈകൾ വീണ്ടും
പാപം ചാലിച്ചെഴുതുന്നു,
വെള്ളപൂശിയ ഗുഹകളിൽനിന്നും
മതപിശച്ചുകൾ അലറുന്നു
അബലയാംസ്ത്രികൾക് ആശകൾനീട്ടി
അനുരാഗസായുജ്യം അടയുന്നഭക്തൻമാർ
അപ്സരമോക്ഷംനേടാൻവെറുതെ
ആകാശമോളംഉയർത്തുന്നു സതിയെ.......
മന്ത്രങ്ങൾ മന്ത്രങ്ങൾ മന്ത്രങ്ങൾ
തന്ത്രങ്ങൾ തന്ത്രങ്ങൾ തന്ത്രങ്ങൾ

അനീഷ.ജെ

# മഴവില്ല്

സാരി ഉടുത്ത്
നിറങ്ങൾചൊരിയുമീ
സുന്ദരിയാണ നീ
മഴയുടെ കാമുകി നീ
ആകാശമുറ്റത്ത്
നിറങ്ങൾ വിരിക്കും നിൻ
സാരി തുമ്പ്



സൂരജ്.എസ്
V A

# ഒരു കാളവണ്ടി




കട്...കട്...കട്...കാളവണ്ടി
ആളെ താങ്ങും കാളവണ്ടി
കാള വലിക്കും കാളവണ്ടി
നാല് കാലൻ കാളവണ്ടി
ഓടി നടക്കും കാളവണ്ടി.

ശാന്തി. കെ
IX

## ഓട്ടോവണ്ടി



മുക്കാലിലോടുന്ന മുണ്ടൻവണ്ടി
മുക്രയടിച്ചുകൊണ്ടോടും വണ്ടി
ഒറ്റക്കണ്ണുള്ളൊരു കൊച്ചു വണ്ടി
പോംപോം മുഴക്കി പറക്കും വണ്ടി
ഇടറോഡിലും സ്പീഡിലോടും വണ്ടി
നാട്ടാർക്കുപകാരി ഓട്ടോവണ്ടി

# പാടം



നെല്ലുകൾ വിളയുന്ന കുഞ്ഞുപാടം

തത്തകൾ പാറുന്ന കുഞ്ഞുപാടം

അരുവികൾ ഒഴുകുന്ന കുഞ്ഞുപാടം

കിളികൾ കലമ്പുന്ന കുഞ്ഞുപാടം

ഓർമ്മയിൽ എന്നുടെ കുഞ്ഞുപാടം

ഇങ്ങനെയാണെന്റെ കുഞ്ഞുപാടം

ഇന്നെന്റെ കുഞ്ഞുപാടത്തിൻ നടുവിലായി

ഘോരവിഷം തുപ്പും ഫാക്ടറിയും

കിളികൾ തൻ കലമ്പൻ പകരമായി

മോട്ടോർ ഇരമ്പുന്ന നാട്ടിലെങ്ങും..

ചൈതന്യ.കെ

***IX A***

# പേമാരി

കറുകറെ കാർമുകിൽ മഴ പാറി വന്നപ്പോൾ
എന്മനമറിയാതെ കുളിരുകോരി
നാടിന്റെയിറമ്പത്തും  പാടത്തിൻ വരമ്പത്തും
കുളിരുമായി മഴവെള്ളം പാറിവന്നു
തെച്ചിയും പിച്ചിയും കാറ്റിന്റെ ശോഭയിൽ
അങ്ങു മന്ദം മന്ദം.....



മിഥുല.എസ്സ്
IX A

# പൊന്നോണം

പൊന്നൊണം  വന്നു പൂപട്ടുവിരിക്കുമീ
പൊന്നിലഞ്ഞീതണലിൽ, പൊന്നിലഞ്ഞീതണലിൽ
ഒന്നുമറിയാത്തപിഞ്ചോവനകളാൽ
വന്നുനിൽക്കുന്നുമുന്നിൽ ഞങ്ങൾ
വന്നുനിൽക്കുന്നുമുന്നിൽ ഞങ്ങൾ.
മാവിന്റെചില്ലയിൽതള്ളിച്ചിരിക്കുന്ന
പൂവാലണ്ണാനെ നില്ല് നില്ല്
താഴോട്ടെനിക്കൊരുചക്കരമാമ്പഴം
തായോ എന്ന് ഞാൻകൊഞ്ചി




(പൊന്നൊണം)

ആനതൻ പീൻപേനടന്നുതുടങ്ങി
ആയത്തിലാട്ടുന്നൊുഞ്ഞാലും തെന്നലം
ആകാശവും മുട്ടിവായുന്നു (പൊന്നൊണം)
ഞാവൽപ്പഴം തിന്നുനാവുകറക്കുമ്പോൾ
നാണിച്ചു നീയെന്നെ നേക്കുന്നു
പൂങ്കോഴിയോടുകലമ്പുന്നകൈതതൻ
***പൂക്കുടക്കീഴിലിരിക്കുന്നു*** ***(പൊന്നൊണം)***

# തുമ്പി


തുഞ്ചവൻ പാടത്തെ തുമ്പി

ഒന്ന് പാറിപറക്കുന്ന തുമ്പി

എന്റെ മുറ്റത്തെ മുല്ലതാൻ തേൻ

നുകരും  പൊൻ തുമ്പി.........

എന്നെന്നും വന്നെത്തും തുമ്പി



എന്റെ മനസ്സിലെ തുമ്പി

പാറിപറക്ക് എന്റെ തുമ്പി

പൊൻ തുമ്പി........

മുറ്റം അലങ്കരിക്കും പൂക്കൾ....

നിന്റെ കൂട്ടുകാർ......

പൊൻ നിറമുള്ള തുമ്പി

## പൊൻ തുമ്പി......

## പൂവ്

അമ്മയാം പ്രകൃതി
കനിഞ്ഞുള്ളതാമൊരു
പുഷ്പച്ചെടിയാണു ഞാൻ
നീല മേലാപ്പിൽ
നിന്നപ്പെഴോ ഞെട്ടറ്റ



ബീന.എം
9A

# പ്രഭാതം



പ്രഭാതത്തിൽ നിൻ മന്ദഹാസം
പ്രദോഷം നിൻ പുഞ്ചിരി
അതിൽ ഞാൻ മാത്രം ഒറ്റക്കായ
എന്തിനു നീ എന്റെ ഗഗനത്തിൽ

# പ്രളയം



എന്റെ കുടിലു തകർത്തൊരു പേമാരി
അലറി വിളിച്ചങ്ങു പാഞ്ഞിട്ടുമ്പോൾ
മുറ്റത്തു നട്ടൊരു മുല്ലയും തെച്ചിയും
വേരോടെ അങ്ങതു അറ്റുപോയി

താങ്ങും തണലുമായി നിന്നൊരു
അമ്മതൻ തേങ്ങലു മാത്രം ഉയർന്നു കേട്ടു
കുടിലു തകർത്തൊരു പേമാരി
എന്നുടെ കൊച്ചനുജത്തിയെ കൊണ്ടുപോയി
നാട്ടുവിഴുങ്ങിയ പ്രളയമെന്നുടെ ജീവിതമങ്ങ് പറിച്ചെടുത്തു

പാർവ്വതി.എസ്സ്
IX A

# പ്രണയം

രണ്ടു ഹൃദയങ്ങൾ തമ്മിൽ
ഒന്നു ചേരുന്ന പ്രണയം
എന്റെ  ഹൃദയം നിനക്കാണ്
എന്റെ സ്നേഹം നിനക്കാണ്
ഒത്തിരി മധുരം ചൂട്ടും
രാക്കുയിലേകും  തേനെ
മന്ദാര പൂവും ചൂടി പ്രണയമോ




-പാർവ്വതി.എസ്
IX A

# സംഗീതം



നീ കേട്ട സ്വരം ഞാൻ കേട്ടു
നീ പാടിയ നാദം ഞാൻ കേട്ടു
അതിലെൻ കാതുകൾ കൺമിഴിക്കേ
നിന്നെ അതിലേറെ ഇവിടമാണ്
അതിലേറെ ഇവിടമാണ്

നീ എന്റെ കാതിൽ ഒരു സ്വരം
നീ എന്റെ ഉള്ളിൽ ഒരു പ്രണയം
എന്തിനു സംഗീതമേ നീ എന്തിന്
നിന്നെ ഞാൻ അറിയാതെ ഉള്ളിൽ
നിനച്ചത്

by
AISWARYA
9A

# ഉയർത്തെഴുന്നേൽപ്പ്

കേരവൃക്ഷങ്ങൾ തിങ്ങും
കേരളനാടുണ്ടായിരുന്നു പണ്ട്
പച്ചപുതച്ചൊരു മേനിയുമായി
പച്ചമനുഷ്യരുണ്ടായിരുന്നു പണ്ട്
കാട്ടാളഹസ്തങ്ങൾ മണ്ണിനെകൊന്നു
കഴുകന്മാർ ചുറ്റും മലീമസമാക്കിയനാടിന്ന് കേരളം
പ്രളയവുംകാറ്റും പേമാരിയും വന്നിട്ടും
മനുഷ്യനാം ഇരുകാലി മൃഗങ്ങൾ
മണ്ണിന്റെ മഹത്വം അറിഞ്ഞീടുന്നില്ലയോ
വീണ്ടും നമുക്കൊന്നിച്ചുനിന്നിടാം
ആ പഴയ നാടിനെ തിരിച്ചുവിളിച്ചിടാം

രേവതി.എം.കെ
IX A

# തിരമാല

അലറി വിളിച്ചപാഞ്ഞുവരുന്നിതാ വൻമാരിയെ പോലെ

വൻതിരമാല .....

മണൽത്തരിയൊക്കെയും വാരിയെടുത്തിട്ട്

കൈയ്യോപ്പ ചാർത്തുന്നു ഈ തിരമാല.....

മാനവൻ പ്രവൃത്തിയിൽകോപിഷ്ടയായ

കടലമ്മ കരയിക്കയറി ആർത്തിടുന്നു.....


വൻമരമൊക്കെയും പിഴുതെറിഞ്ഞിട്ടും

കലിതിരാതെഅലറിടുന്നു......




-സാന്ദ്ര.എസ്സ്
10

# ളുമരങ്ങൾ




ളുമളുകുന്ന ളുമരങ്ങൾ
തോളുംതോളുംമുരുമിനിന്നും
കണ്ണുകക്കുന്ന പൂവള്ളികൾ
വന്നിൽ ളുമണം വീശിനിന്നും
ഓളം തള്ളുന്ന വൻപുഴകൾ
നീളെ നന്മകളേകിനിന്നും
വേപംപൂവണികാവിൽനിന്നും
അൻപൂകാട്ടുന്നസവ്വശക്തൻ
ഇമ്പംനൽകട്ടെ എന്നും എന്നും

അൽ-അമീൻ
IX A

## അമ്മയുടെ സ്നേഹം

പതിനേഴുവയസ്സുള്ള മകൻ അമ്മയോട് ചോദിച്ചു അമ്മേ എന്റെ പതിനെട്ടാമത്തെ പിറന്നാളിന് എന്തു സമ്മാനമാ തരുന്നേ ? ആ അമ്മ പറഞ്ഞു പതിനെട്ടാമത്തെ പിറന്നാൾ വരാൻ ഇനി മാസങ്ങൾ ഉണ്ടല്ലോ മോനേ അത് അന്ന് തീരുമാനിക്കാം. ആ മകന് പതിനേഴാം വയസ്സ് കഴിഞ്ഞു.ഒരു ദിനം അവൻ പെട്ടെന്ന് ബോധമറ്റു നിലത്തുവീണു.അവന്റെ അമ്മ അവനെ ഒരു ആശുപത്രിയിൽ വളരെ പെട്ടന്നു തന്നെ എത്തിച്ചിട്ട് വിദഗ്ധ പരിശോദനയ്ക്കു ശേഷം ഡോക്ടർ പറഞ്ഞു സഹോദരി നിന്റെ മകന്റെ ഹൃദയം തകരാറിലാണ് . അവനെ സുക്ചറിൽ കണ്ട് അതി ദുഃഖിതയായി. അവൻ അമ്മയോട് ചോദിച്ചു..... "അമ്മേ ഞാൻ മരിച്ചുപോകുമോ"? എന്താണ് ഡോക്ടർ പറഞ്ഞത് ,അമ്മയുടെ മറുപടി കരച്ചിൽമാത്രമായിരുന്നു. ഒരു വലിയ ശാസ്ത്രക്രിയയ്ക്കൊടുവിൽ



അവൻ പൂർണ്ണ ആരോഗ്യവാൻ ആയി വീട്ടിലെത്തി . അവന്റെ അമ്മയെ കാണാൻ അവന്റെ കണ്ണുകൾപരതുമ്പോൾ അവൻ അവന്റെ കിടക്കയിൽ നിന്ന് ഒരു കത്ത് കിട്ടി . "മകനേ നീ ഇപ്പോൾ ഈ കത്തു വായിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ മകൻ പൂർണ്ണസൗഖ്യം പ്രാപിച്ച വീട്ടിലെത്തി എന്നു ഞാൻ കരുതുന്നു. മോനേ നീ മറന്നുവോ? നിന്റെ പിറന്നാളിന് നിനക്ക് എന്തു സമ്മാനമാ തരുന്നതെന്ന് മോന് അറിയേണ്ടേ ?അത് അമ്മയുടെ ഹൃദയംആയിരുന്നു.'' എന്റെ പൊന്നു മോന് നൂറ് ജന്മദിനാശംസകൾ.ആ അമ്മ മകന് ഹൃദയദാനം ചെയ്യാൻ ജീവത്യാഗം വരെ ചെയ്തു. അമ്മയേക്കാൾ വലിയൊരു സ്നേഹം വേറെയില്ല."

ശ്രീജിത്ത്.ആർ

# *ഒരു അപ്പൂപ്പനും ചാമ്പങ്ങയും*



ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.
അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."
ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം." അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി. അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി.ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു. രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പ് മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

# കരടിയെ കുടുക്കി




കാട്ടരുവിയുടെതീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം.ഒരു ദിവസംബീമു കാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്.
"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട് അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന് കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു.പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്കു കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ കണ്ടത്. അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു."ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..." ബീമുവിന് അത് പിടിച്ചില്ല.. " ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി .പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."

–Renjith.R

9

# ഭക്ഷണം

ഹായ് കൂട്ടുകാരെ നമ്മുക്ക് ഒരു കഥ കേട്ടാലോ.അതും വെറുമൊരു കഥയല്ല,ഒരു ലോക മരമണ്ടന്റെ കഥ.എങ്കിൽ കേട്ടോളൂ.ഒരിടത്തൊരിടത്ത് കുഞ്ചു എന്നു പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു.ഒരു ദിവസം പുറകുവശത്തുള്ള ഒരു കുളത്തിൽ നിന്ന് രണ്ട് വരാലിനെ പിടിച്ചു.അതിനുശേഷം അവന് സംശയമായി.എന്താണ് ഈ മീനുകൾക്ക് തിന്നാൻ കൊടുക്കുക ? അവന് ഒരു ബുദ്ധി തോന്നി! അവന്റെ വീടിനടുത്തുള്ള ഒരു കുട്ടിയോട് ചോദിക്കാൻ അവൻ തീരുമാനിച്ചു.കുട്ടിയുടെ പേര് കിച്ചു എന്നായിരുന്നു.പിറ്റേന്ന് അവൻ കൂട്ടുകാരനായ കിച്ചുവിന്റെ വീട്ടിൽ കളിക്കാനാണെന്ന് അമ്മയോട് കള്ളം പറഞ്ഞ് കിച്ചുവിന്റെ വീട്ടിലെത്തി.എന്നിട്ട് കിച്ചുവിനോട് ചോദിച്ചു."കിച്ചൂ ഞാൻ കഴിഞ്ഞ ദിവസം രണ്ടു വരാലിനെ പിടിച്ചു.ആ വരാലിന് എന്താണ് തിന്നാൻ കൊടുക്കേണ്ടത്? നീയൊന്ന് പറഞ്ഞ് തരൂ....അപ്പോൾ കിച്ചുവിനൊരു കുസൃതി തോന്നി.എന്നിട്ട് പറഞ്ഞു,നീ കഴിക്കുന്നതിന്റെ പകുതി ആഹാരം അതിന് കഴിക്കാൻ കൊടുക്കുക,കിച്ചു പറഞ്ഞത് കുഞ്ചു അനുസരിച്ചു.കുറച്ചു ദിവസത്തിന് ശേഷം ആ വരാൽ ചത്തുപോയി.പാവം കുഞ്ചു ഒരുപാട് കരഞ്ഞു.പിന്നീടാണ് കുഞ്ചുവിന് മനസ്സിലായത് ഇതെല്ലാം കിച്ചുവിന്റെ സൂത്രമായിരുന്നു.പിന്നീടവർ തമ്മിൽ ഒരിക്കലും മിണ്ടിയിട്ടില്ല.



ബിബിൻ.ബിജു

IX A

# <u>ചെന്നായയും ആട്ടിൻകുട്ടിയും</u>


**ഒരിക്കൽ കുറെ ആട്ടിൻപറ്റം കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു. കൂട്ടത്തിലൊരു കുഞ്ഞാട് കൂട്ടം തെറ്റിപ്പോയി. കൂട്ടുകാരെല്ലാം കുറെ ദൂരെ എത്തിക്കഴിഞ്ഞതൊന്നും അവനറിഞ്ഞില്ല. അവൻ അറിയാത്ത മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു; ഒരു ചെന്നായ അവന്റെ പിന്നാലെ_നടക്കുന്ന കാര്യം! കുഞ്ഞാട് തനിച്ചാണെന്ന് ഉറപ്പു വരുത്തിയ ശേഷം ചെന്നായ അവനു മേൽ ചാടി വീണു. "ആട്ടിറച്ചി കഴിച്ചിട്ട് നാളേറെയായി," ചെന്നായ നാവു നൊട്ടി നുണഞ്ഞുകൊണ്ട് പറഞ്ഞു.രക്ഷപെടാൻ ഒരു മാർഗത്തിനായി കുഞ്ഞാട് തലപുകഞ്ഞാലോചിച്ചു. അവൻ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് ചെന്നായയോട് സംസാരിക്കാൻ തുടങ്ങി."എന്നെ തിന്നോളൂ. പക്ഷേ , രുചിയുള്ള ആട്ടിറച്ചി തിന്നണമെങ്കിൽ അല്പം കാത്തിരിക്കണം.""അതെന്താ?" ചെന്നായ അന്തം വിട്ടു."ഞാൻ ഇപ്പോൾ വയറുനിറച്ചും പുല്ല് തിന്നതേയുള്ളൂ . ഇപ്പോൾ എന്നെ തിന്നാൽ പുല്ല് തിന്നുന്നതു പോലിരിക്കും." ആട്ടിൻകുട്ടി പറഞ്ഞു ." അതു ശരിയാണല്ലോ!" ചെന്നായയ്ക്കു തോന്നി."പുല്ലൊക്കെ ദഹിച്ചു കഴിഞ്ഞാൽപ്പിന്നെ ആട്ടിറച്ചിയുടെ രുചി കൂടും , അറിയില്ലേ?" കുഞ്ഞാട് വീണ്ടും പറഞ്ഞതു കൂടി കേട്ടതോടെ ചെന്നായയ്ക്ക് കൊതി സഹിക്കാനായില്ല."ഹും ! ദഹിക്കാൻ എത്ര സമയം വേണം?" ചെന്നായ ചോദിച്ചു.നൃത്തം ചെയ്താൽ വേഗം ദഹിക്കും. എന്റെ കഴുത്തിൽ കെട്ടിയ ഈ മണി ഒന്നു കിലുക്കിത്താ . എന്നാലേ എനിക്ക് നൃത്തം ചെയ്യാൻ തോന്നൂ ." കുഞ്ഞാട് പറഞ്ഞു. എന്നിട്ടു സ്വന്തം കഴുത്തിലെ മണി അഴിച്ചെടുത്ത് കൊടുത്തു. ചെന്നായയ്ക്ക് സന്തോഷമായി. എന്നിട്ട് കുഞ്ഞാട് കൊടുത്ത മണി ആഞ്ഞാഞ്ഞ് കിലുക്കിത്തുടങ്ങി."ണിം.....ണിം....ണ്ണീം .....ണ്ണീം....."കുഞ്ഞാട് മണി കിലുങ്ങുന്ന ശബ്ദത്തിനനുസരിച്ച് നൃത്തം ചെയ്യാനും തുടങ്ങി.മണിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പോഴാണ് ആട്ടിടയൻ കേട്ടത്. അയാൾ വന്നു നോക്കുമ്പോഴതാ തന്റെ കുഞ്ഞാടിനടുത്ത് ഒരുചെന്നായ നിന്ന് മണി കിലുക്കുന്നു! അയാൾ കൈയിലുള്ള വടിയെടുത്ത് ചെന്നായയുടെ മുതുകത്ത് .....പ്പെ..! "ഹമ്മോ..." ചെന്നായ കരഞ്ഞു കൊണ്ട് ഒറ്റയോട്ടം!**



**-Amal.R**

**9.A**

# Jawaharlal nehru



Jawaharlal Nehru was born on November 14, 1889, in Allahabad, India. He was the son of Swaroop Rani and Motilal Nehru, a wealthy lawyer and a prominent leader of the Indian independence movement. The Nehru family belonged to the saraswat Brahmin caste. ... Together they led the nation of India to independence in 1947.He is considered to be the architect of the modern Indian nation-state: a sovereign, socialist, secular, and democratic republic. He was also known as Pandit Nehru due to his roots with the kashmiri pandit community while Indian children knew him as *Chacha Nehru*

*-Anandha krishnan .B*

## മാന്ത്രികച്ചെണ്ട

ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു. ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും. ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം – നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു – കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും." കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം മറ്റൊരാൾ കാണുന്നുണ്ടായിരുന്നു – മരത്തിനു മുകളിലെ വനദേവത!പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി! പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു. എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്. "ഹും , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന്പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!"അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങു. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം !നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!




# മഞ്ഞൾ അമ്മൂമ്മയുടെ കഥ

ഒരിടത്തൊരിടത്ത് ഒരു മഞ്ഞൾ അമ്മൂമ്മയുടെ കഥ ഉണ്ടായിരുന്നു . ഒരു കുട്ടി മഞ്ഞൾ അമ്മുമ്മയെ കണ്ട് ഞാനും മഞ്ഞൾ പറിക്കാൻ പോന്നോട്ടെ എന്ന് ചോദിച്ചു. അമ്മുമ്മ വേണ്ടാഎന്ന് പറഞ്ഞിട്ടും കുട്ടി ദേഷ്യം വന്ന് വഴക്കിട്ടു . അവസാനം അമ്മുമ്മ സമ്മതിച്ചു. അങ്ങനെ കാട്ടിൽ മഞ്ഞൾ പറിച്ചിട്ട് തിരിച്ച് വന്നു. അവൾ അമ്മുമ്മയോട് പറഞ്ഞു നമുക്ക് വല്ലും കഴിക്കേണ്ടേ അമ്മുമ്മ പറഞ്ഞു അകത്ത് അരി ഇരുപ്പുണ്ട് മോളെ. കുട്ടി അകത്ത് ചെന്ന് ഇച്ചിരി അരിയും കുറച്ച് തോരനും വെച്ചു .ഉച്ച ആയപ്പോൾ ഭക്ഷണം കഴിക്കാൻ തുടങ്ങി. വൈകിട്ട് ആയപ്പോൾ അമ്മുമ്മ കുട്ടിയോട് പറഞ്ഞു. അതിൽ ഏതെങ്കിലും എടുത്തു കോള്ളു എന്ന് പറഞ്ഞു. അവൾ ഒരു ചെറിയ പെട്ടി എടുത്ത് വീട്ടിൽ ചെന്ന് നോക്കിയപ്പോൾ നറച്ചും സ്വർണ്ണം! ഇത് കണ്ട ഒരു കുട്ടി അവൾ ചെയ്തത് പോലെ അമ്മൂമ്മയുടെ എടുത്ത് അവൾ ചെയ്തത് പോലെ എല്ലാം ചെയ്തു . ഉച്ചയായപ്പോൾ കുറേ അരിയും തോരനും എടുത്തു . വൈകിട്ടായപ്പോൾ അമ്മുമ്മ പറഞ്ഞ് വലിയ ഒരു പെട്ടി എടുത്ത് വീട്ടിൽ ചെന്നപ്പോഴോ പെട്ടി നെറച്ച് പാമ്പുകൾ മാത്രം. ഈ കഥയുടെ ഗുണപാഠം അത്യാഗ്രഹം ആപത്ത് .

*–Rehana.R*

# FAMOUS QUOTES OF

# APJ ABDUL KALAM




- ***Man needs his difficulties because they are necessary to enjoy success.***
- ***You have to dream before your dreams can come true.***
- ***We should not give up and we should not allow the problem to defeat us.***
- ***Great dreams of great dreamers are always transcended.***
- ***Look at the sky. We are not alone. The whole universe is friendly to us and conspires only to give the best to those who dream and work.***
- ***Do we not realize that self respect comes with self reliance?***
- ***Be more dedicated to making solid achievements than in running after swift but synthetic happiness.***
- ***Unless India stands up to the world, no one will respect us. In this world, fear has no place. Only strength respects strength.***
- ***Climbing to the top demands strength, whether it is to the top of Mount Everest or to the top of your career.***
- ***Those who cannot work with their hearts achieve but a hollow, half-hearted success that breeds bitterness all around.***

# സന്ന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്ന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്ന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്ന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു. നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്ന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക്.ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച്നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!നായ ചെന്നുനിന്നത് സന്ന്യാസിയുടെ ഗുഹക്കകത്താണ്. "എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്ന്യാസി തിരക്കി."ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു. സന്ന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു. നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്ന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്ന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്ന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.സന്ന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്ന്യാസിയുടെ നേരെ ചാടി വീണു.ഒരു ക്ഷണം. സന്ന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്ന്യാസി പുറത്താക്കി ഗുഹയുടെവാതിലടച്ചു.

# സ്വർണ്ണമീൻ

ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ. "അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തു ഭംഗിയാണെനിക്ക്!" , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും. അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽവെട്ടിത്തിളങ്ങുന്നത് കാക്കചേട്ടന്റെ കണ്ണിൽപ്പെട്ടു. "ഹയ്യടാ , അതൊരു സ്വർണമീനാണല്ലോ! , കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.




കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് ! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകൊണ്ടുള്ളൂ. ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ്കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന്സ്വർണമീനിന്മനസിലായി.അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻകുളത്തിൽകഴിഞ്ഞുകൂടി.




# A. P. J. Abdul Kalam

- **Avul Pakir Jainulabdeen Abdul Kalam was an Indian politician and aerospace scientist who served as the 11th President of India from 2002 to 2007. He was born and raised in Rameswaram, Tamil Nadu and studied physics and aerospace engineering.**
- **He has received honorary doctorates from about 30 universities from all over the world.He was given the Padma Bhushan in 1990,the padma vibhushan in 1990 and the Bharat Ratna in 1997.He has written**
- **a very famous book titled 'Wings of Fire'.The book contains his visions and dreams for India.**


Art Section




*Renjith.R 9.A*








1/2/2018


14/7/2017



9/8/2017



*Anandhakrishnan*

*9.A*





# हमारा देश

भारत वर्ष हमारा देश।
सारे जग से न्यारा देश।।
अपनी सारी भारत माता
जननी है य़ह जीवन ढाता।।
पर्वत यहॉ अनके मनोहर।

झरने गीत सुनाते झर–झर ।।

निशि–दिन नदिय़ॉ वहती जातीं ।
अपना प्रेमपियूष पिलातीं।।
य़हॉ वीर विद्वानू हुए हैं ।

बडे–बडे गुणवान हुए है ।।
राम कृष्ण भगवान हुए हैं।

भीष्मे,भीम,हनुमानहुए हैं।।

कण–कण धर्म–ज्ञान–उपदेश।
भारत वर्ष हमारा देश।।

# हवा - सुहानी

टीचर दीदी हमें बताओ,
यह सब तो जादू लगता है।
दिखे नहीं, पर अनुभव होता,

हो ता क्या यह, चीज हवा है
कहाँ से आती  किधर को जाती

**अनधा.ए**

# मेरा सपना

कितना सुंदर मेरा सपना

म मेरा सपना।

एक छोटा सा घर चाहिए।

घर के आगे एक बगीचा।

फूलों से मधु लेने के लिए

सुंदर तितलियां आती है।

कितना सुंदर, कितना प्यारा

मेरा सपना ! मेरा सपना !

# Little KITEs class



